**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 860** **14-01-2021 - ൽ മറുപടിയ്ക്ക്**

**പമ്പാ - ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. അനൂപ് ജേക്കബ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | പമ്പ-ത്രിവേണിയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ മണൽ നീക്കുന്നതിന് പത്തനംതിട്ട കളക്ടർ ഇറക്കിയ ഉത്തരവ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിനു ശേഷമാണോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പത്തനംതിട്ട ജില്ല കളക്ടറുടെ No.DCPTA-455/2018/DM3 തീയതി 30.05.2020 പ്രകാരം പമ്പാ നദിയിലെ മണൽ, ചെളി എന്നിവ നീക്കം ചെയ്യാൻ പുറപ്പെടുവിച്ച ഉത്തരവ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയതിന് ശേഷമല്ല. |
| (ബി) | ജില്ലാ കളക്ടറുടെ പ്രസ്തുത നടപടി 1980 ലെ ഇന്ത്യൻ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിന്റേയും കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ മുൻനിർദ്ദേശത്തിന്റേയും ലംഘനമാണെന്ന് കരുതുന്നുണ്ടോ; | (ബി) | വനത്തിനുള്ളിലെ നദികളിൽ നിന്നും ദുരന്ത നിവാരണ നിയമത്തിലെ വകുപ്പുകൾ പ്രകാരം മണൽ , ചെളി "ഡെബ്രിസ് " എന്നിവ നീക്കം ചെയ്ത് വനത്തിനുള്ളിൽ തന്നെയുള്ള നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാറ്റിയിടുന്നത് നദിയുടെ നീരൊഴുക്ക് തടസ്സമാകാതെ പരിപാലിക്കുന്നതിനും, മറ്റൊരു ദുരന്തം വരാതിരിക്കുവാനുമാണ്. ഇതിലേയ്ക്ക് വന (സംരക്ഷണ) നിയമ പ്രകാരമുള്ള കേന്ദ്രാനുമതി നിർബന്ധമല്ലെന്ന് ഉത്തരാഖണ്ഡ് ഹൈക്കോടതിയുടെ WP (C) No. 93/2015-ാം കേസിൽ വിധി പ്രസ്താവിച്ചിട്ടുള്ളതുമാണ്. |
| (സി) | ഇന്ത്യൻ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് 1980 അനുസരിച്ച് വനവുമായി ബന്ധപ്പെട്ട്, നദി ഉൾപ്പെടെയുള്ള ഏത് കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ അധികാരവും ചുമതലയും വനം വകുപ്പിൽ മാത്രം നിക്ഷിപ്തമാണെന്ന് കരുതുന്നുണ്ടോ; അങ്ങനെയെങ്കിൽ നൂറു കണക്കിന് ലോഡ് മണ്ണ് വനം വകുപ്പിനെ അറിയിക്കാതെ ഒരു സ്വകാര്യ കമ്പനി കടത്തിയിട്ടും അതിൽ അന്വേഷണം നടത്താൻ വനം വകുപ്പ് തയ്യാറാവാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ? | (സി) | വനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വനം വകുപ്പിൽ നിക്ഷിപ്തമാണ്. ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 72 പ്രകാരം "Overriding effect" ഉള്ളതിനാൽ മറ്റു നിയമത്തിലെ വ്യവസ്ഥകൾക്ക് മുകളിൽ നിയമപരിരക്ഷയുണ്ട്. എന്നിരുന്നാലും, ദുരന്തങ്ങൾ വരാതെ അവയുടെ നിവാരണത്തിനായി വനത്തിനകത്തുള്ള നദികളിലെ മണ്ണ്, ചെളി എന്നിവ നീക്കം ചെയ്യുന്ന പക്ഷം, ആയവ വനത്തിനു പുറത്തു കൊണ്ടു പോകുന്നതിന് ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് പ്രകാരമുള്ള അനുയോജ്യമായ അനുമതി വാങ്ങേണ്ടതായിട്ടുണ്ട്. ദുരന്തനിവാരണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് മണ്ണ്, ചെളി എന്നിവ നീക്കം ചെയ്യുന്നതിന് 'DDMA' ചെയർമാൻ, DMA പ്രകാരം ഇറക്കിയ ഉത്തരവ് |

| | | | |
|---|---|---|---|
| | | | നിയമപരമായി നിലനിൽക്കുന്നതാണ്. എന്നാൽ, ടി ഉത്തരവിൻ പ്രകാരം നീക്കം ചെയ്ത മണ്ണ്, മണൽ, ചെളി എന്നിവ വനം വകുപ്പ് നിർദ്ദേശിച്ച വനഭൂമിയിൽ നിക്ഷേപിക്കുന്നതിനുപകരം വനാതിർത്തിയ്ക്ക് പുറത്തുകൊണ്ടുപോകാൻ M/s KCCPL ശ്രമിച്ചപ്പോൾ വനം വകുപ്പ് തടഞ്ഞിട്ടുള്ളതുമാണ്. കൂടാതെ, 30/05/2020 തീയതിയിൽ വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ കേസ് എടുക്കുകയും ബഹു. ട്രൈബ്യൂണലിന്റെ 02/06/2020 തീയതിയിലെ ഉത്തരവിൽ ഒരു ജോയിന്റ് കമ്മിറ്റിയെ അന്വേഷണത്തിനായി നിയോഗിക്കുകയും, ടി കമ്മിറ്റി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ